## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3945 19-03-2018 ൽ മറുപടിക്ക്**

**വർക്കല ചെമ്മരുതി വില്ലേജിലെ ഭൂമി പതിച്ചു നൽകൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വർക്കല ചെമ്മരുതി വില്ലേജിലെ റീ സർവ്വേ 1/85, 1/84 നമ്പർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകിയതും ഇനം മാറ്റി നൽകിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത പുറമ്പോക്ക് ഭൂമി സർക്കാർ ഭൂമിയാക്കി മാറ്റുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നടപടികൾ ത്വരിതപ്പെടുത്തുമോ? | (ബി) ഇനം മാറ്റി നൽകിയ വർക്കല തഹസിൽദാർ (എൽ.ആർ) ടെ നടപടി ക്രമ പ്രകാരമാണോയെന്ന പരിശോധിക്കുവാൻ ജില്ലാ സർവ്വെ സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനയിൽ സ്വകാര്യ വ്യക്തികൾക്ക് 1/85, 1/86 എന്നീ വസ്തുക്കൾ ഇനം മാറ്റി നൽകിയത് സംബന്ധിച്ച് ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്) അന്വേഷണം നടത്തിയ ശേഷം 16.02.2018-ന് റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ട് പ്രകാരം ഭൂസ്ഥിതി തോടായ ഭൂമി ഇനം മാറ്റം നടത്തി നല്കിയ നടപടി പുന:പരിശോധിയ്ക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കണമെന്ന് ശുപാർശയുണ്ടായിരുന്നു. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ ലഭിച്ച ലാന്റ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശ പ്രകാരം ഇനംമാറ്റ നടപടികൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നല്കാൻ ജില്ലാ സർവ്വെ സൂപ്രണ്ടിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ